4053
9/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - മികച്ച അങ്കണവാടി വർക്കർമാർക്കുള്ള ദേശീയ അവാർഡിന് അർഹരായവർക്ക് ന്യൂഡെൽഹിയിലേയ്ക്ക് യാത്ര ചെയ്യുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം. 190 /2015/സാനീവ** **തീയതി, തിരുവനന്തപുരം: 27.03.2015**

---

**പരാമർശം :** (1) 31.03.2014- ലെ സ.ഉ.(സാധാ)നം.247/2014/സാനീവ.
(2) 09.06.2014 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS/B2-12575/13 നമ്പർ കത്ത്.

**ഉത്തരവ്**

2006-07 മുതൽ 2010-11 വരെയുള്ള മികച്ച അങ്കണവാടി വർക്കർമാർക്കുള്ള ദേശീയ അവാർഡിന് അർഹരായവർക്കും അവരുടെ എസ്കോർട്ടിനും അവാർഡു സ്വീകരിക്കുന്നതിന് ന്യൂഡെൽഹിയിലേയ്ക്കും തിരിച്ചും 3rd A/C യിൽ യാത്ര ചെയ്യുന്നതിന് ആവശ്യമായ തുക 2235-02-102-98(P)34 OC ശീർഷകത്തൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരാവായിട്ടുണ്ട്. ടി തുക കഴിഞ്ഞ സാമ്പത്തിക വർഷം മാറി നൽകാൻ കഴിയാത്തതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ ശീർഷകത്തിൽ നിന്നും മാറി നൽകുന്നതിന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം തുക മാറി നൽകാനാവാത്തതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-98(P)34 OC ശീർഷകത്തൽ നിന്നും ടി തുക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ